# മധുരമായ കുട്ടികളെ - ഇപ്പോൾ ഒരു പിടി കടലയുടെ പിന്നാലെ തന്റെ സമയം പാഴാക്കരുത്, ഇപ്പോൾ ബാബയുടെ സഹായിയായി ബാബയുടെ പേര് പ്രശസ്തമാക്കൂ. (വിശേഷിച്ച് കുമാരിമാർക്ക് വേണ്ടി)

**ചോദ്യം:-** ഈ ജ്ഞാന മാർഗ്ഗത്തിൽ നിങ്ങളുടെ ചുവട് മുന്നോട്ട് തന്നെയാണോ പോയ്ക്കൊണ്ടിരിക്കുന്നത് എന്നതിന്റെ അടയാളം എന്താണ്?
**ഉത്തരം:-** ഏത് കുട്ടികൾക്കാണോ ശാന്തിധാമവും സുഖധാമവും സദാ ഓർമ്മയിരിക്കുന്നത്, ഓർമ്മയിലിരിക്കുമ്പോൾ ബുദ്ധി എവിടെയും അലഞ്ഞുനടക്കാത്തത്, ബുദ്ധിയിൽ വ്യർത്ഥ ചിന്തകൾ വരാത്തത്, ബുദ്ധി ഏകാഗ്രമായിരിക്കുന്നത്, ഉറക്കം തൂങ്ങാത്തത്, അളവില്ലാത്ത സന്തോഷമുള്ളത്- അതിലൂടെ മനസ്സിലാക്കാൻ സാധിക്കും, അവരുടെ ചുവട് മുന്നോട്ടാണ്.

**ഓം ശാന്തി**. കുട്ടികൾ ഇത്രയും സമയം ഇവിടെ ഇരിക്കുകയാണ്. ശിവാലയത്തിലാണ് ഇരിക്കുന്നത് എന്ന് മനസ്സിലുണ്ട്. ശിവബാബയെയാണ് ഓർമ്മ വരുന്നത്, സ്വർഗ്ഗവും ഓർമ്മ വരുന്നു. ഓർമ്മയിലൂടെയാണ് സുഖം ലഭിക്കുന്നത്. നമ്മൾ ശിവാലയത്തിലാണ് ഉണ്ടായിരുന്നത്-ഇതും ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം അപ്പോഴും സന്തോഷമുണ്ടാകും. എല്ലാവർക്കും തിരിച്ചു പോകേണ്ടത് ശിവാലയത്തിലേക്കാണ്. ശാന്തിധാമത്തിൽ പോയി അവിടെ തന്നെ ആർക്കും ഇരിക്കേണ്ടതില്ല. വാസ്തവത്തിൽ ശാന്തിധാമത്തേയും ശിവാലയം എന്നു പറയും, സുഖധാമത്തേയും ശിവാലയം എന്നു പറയും. രണ്ടും സ്ഥാപന ചെയ്യുകയാണ്. നിങ്ങൾ കുട്ടികൾക്ക് രണ്ടിനേയും ഓർമ്മിക്കണം. ഒരു ശിവാലയം ശാന്തിക്കു വേണ്ടിയും മറ്റൊരു ശിവാലയം സുഖത്തിന് വേണ്ടിയും. ഇത് ദുഃഖധാമമാണ്. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ് ഇരിക്കുന്നത്. ശാന്തിധാമവും സുഖധാമവും കൂടാതെ മറ്റൊന്നും ഓർമ്മ വരാൻ പാടില്ല. എവിടെയായാലും, ജോലിയെല്ലാം ചെയ്തു കൊണ്ടിരുന്നാലും ബുദ്ധിയിൽ രണ്ടു ശിവാലയവും ഓർമ്മ വരണം. ദുഃഖധാമത്തെ മറക്കണം. കുട്ടികൾക്കറിയാം ഇത് വേശ്യാലയമാണ്, ദുഃഖധാമം ഇപ്പോൾ അവസാനിക്കാൻ പോകുകയാണ്.

ഇവിടെയിരിക്കുമ്പോൾ നിങ്ങൾ കുട്ടികൾ ഉറക്കം തൂങ്ങാൻ പാടില്ല. ഒരുപാടു പേരുടെ ബുദ്ധി എവിടെ എവിടെയൊക്കെയോ പോകുന്നു. മായയുടെ വിഘ്നം വരുന്നു. നിങ്ങൾ കുട്ടികളോട് ബാബ ഇടക്കിടക്ക് പറയുന്നു - കുട്ടികളെ, മന്മനാഭവ. ഭിന്ന-ഭിന്ന പ്രകാരത്തിലുള്ള യുക്തികളും പറഞ്ഞു തരുന്നു. ഇവിടെയിരിക്കുമ്പോൾ, ബുദ്ധിയിൽ ഇത് ഓർമ്മിക്കണം, നമ്മൾ ആദ്യം ശാന്തിധാമമാകുന്ന ശിവാലയത്തിലേക്ക് പോകും പിന്നീട് സുഖധാമത്തിൽ വരും. ഇങ്ങനെ ഓർമ്മിക്കുന്നതിലൂടെ പാപം ഇല്ലാതാകും. എത്രത്തോളം നിങ്ങൾ ഓർമ്മിക്കുന്നോ അത്രത്തോളം ചുവട് മുന്നേറുകയാണ്. ഇവിടെ മറ്റുള്ള ചിന്തകളോടെ ഇരിക്കരുത്. അല്ലെങ്കിൽ നിങ്ങൾ മറ്റുള്ളവർക്കും നഷ്ടം വരുത്തിത്തീർക്കുകയാണ്. ലാഭത്തിന് പകരം നഷ്ടം ഉണ്ടാക്കുന്നു. മുൻപ് യോഗത്തിൽ ഇരിക്കുന്ന സമയത്ത് മുന്നിലൊരാളെ നിരീക്ഷിക്കാൻ വേണ്ടി ഇരുത്താറുണ്ടായിരുന്നു - ആരാണ് ഉറക്കം തൂങ്ങുന്നത്, ആരാണ് കണ്ണടച്ച് ഇരിക്കുന്നത്. അപ്പോൾ വളരെ ശ്രദ്ധാപൂർവ്വം ഇരിക്കുമായിരുന്നു. ഇവരുടെ ബുദ്ധിയോഗം എവിടെയും അലയുന്നില്ലല്ലോ, ഉറക്കം തൂങ്ങുന്നില്ലല്ലോ എന്ന് ബാബയും നോക്കുമായിരുന്നു. ഒന്നും മനസ്സിലാകാത്തവരും ഒരുപാട് പേർ വരുന്നുണ്ട്, അവർക്ക് ഒന്നും മനസ്സിലായിട്ടില്ല, ബ്രാഹ്മണിമാർ വിളിച്ചു കൊണ്ടു വരുന്നു. ശിവബാബയുടെ മുന്നിൽ വരുന്ന കുട്ടികൾ വളരെ നല്ലവരായിരിക്കണം, തെറ്റുകൾ ഒന്നും ചെയ്യാൻ പാടില്ല. എന്തു കൊണ്ടെന്നാൽ ബാബ ഒരു സാധാരണ ടീച്ചറല്ല. ബാബ ഇരുന്ന് പഠിപ്പിക്കുകയാണ്. ഇവിടെ വളരെ ശ്രദ്ധയോടെയിരിക്കണം. ബാബ 15 മിനിറ്റ് ശാന്തിയിലിരുത്തുന്നു. നിങ്ങൾ ഒരു മണിക്കൂർ രണ്ടു മണിക്കൂർ ഇരിക്കുന്നു. എല്ലാവരും മഹാരഥികളൊന്നുമല്ല. ആരാണോ ഉറച്ചവരല്ലാത്തത്, അവർക്ക് ശ്രദ്ധ നൽകണം. മുന്നറിയിപ്പു കൊടുക്കുന്നതിലൂടെ അവർ ഉണരും. ആരാണോ ഓർമ്മയിലിരിക്കാത്തത്, വ്യർത്ഥമായ ചിന്തകൾ ചിന്തിക്കുന്നത്, അവർ വിഘ്നങ്ങൾ ഉണ്ടാക്കുകയാണ്. എന്തെന്നാൽ ബുദ്ധി എവിടെ എവിടെയൊക്കെയോ അലയുന്നു. മഹാരഥികളും, കുതിര സവാരിക്കാരും, കാൽനടക്കാരും എല്ലാവരും ഇരിക്കുന്നുണ്ട്.

ബാബ ഇന്ന് വിചാരസാഗര മഥനം ചെയ്തിട്ടാണ് വന്നത് - മ്യൂസിയത്തിലോ പ്രദർശിനിയിലോ നിങ്ങൾ കുട്ടികൾ ശിവാലയം, വേശ്യാലയം പിന്നെ പുരുഷോത്തമ സംഗമയുഗം ഇത് മൂന്നും പറഞ്ഞു കൊടുക്കുന്നു, മനസ്സിലാക്കി കൊടുക്കാൻ ഇത് വളരെ നല്ലതാണ്. ഇവ വളരെ വലുതായി ഉണ്ടാക്കണം. മനുഷ്യരുടെ

ബുദ്ധിയിൽ പെട്ടെന്ന് കയറുന്നതിനായി വളരെ നല്ല വലിയ ഹാൾ ഇതിന് വേണ്ടി എടുക്കണം. ഇതിനെ എങ്ങനെ വികസിപ്പിക്കാം എന്ന് കുട്ടികൾ ചിന്തിക്കണം. പുരുഷോത്തമ സംഗമയുഗം വളരെ നല്ലതായി ഉണ്ടാക്കണം. അതിലൂടെ മനുഷ്യർക്ക് വളരെ നല്ല രീതിയിൽ അറിവ് ലഭിക്കും. തപസ്യയിലും നിങ്ങൾ 5-6 പേരെയാണ് ഇരുത്തുന്നത് പക്ഷെ അത് പോരാ, 10-15 പേരെ ഇരുത്തണം. വലിയ-വലിയ ചിത്രങ്ങൾ ഉണ്ടാക്കി നല്ല അക്ഷരത്തിൽ എഴുതി വെയ്ക്കണം. നിങ്ങൾ ഇത്രത്തോളം മനസ്സിലാക്കി കൊടുത്തിട്ടും മനസ്സിലാകുന്നില്ല. നിങ്ങൾ പരിശ്രമിക്കുന്നത് മനസ്സിലാക്കി കൊടുക്കാൻ വേണ്ടിയാണ്. കല്ല് ബുദ്ധികളല്ലേ. അപ്പോൾ എത്രത്തോളം സാധിക്കുമോ അത്രയും നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കണം. സേവനത്തിൽ മുഴുകിയിരിക്കുന്നവർ സേവനം വിശാലമാക്കുന്നതിനെക്കുറിച്ച് ചിന്തിക്കണം. മ്യൂസിയത്തിലുള്ളതു പോലെ രസം പ്രൊജക്ടറിലോ, പ്രദർശിനിയിലോ ഇല്ല. പ്രൊജക്ടറിലൂടെയാണെങ്കിൽ ഒന്നും മനസ്സിലാക്കുന്നില്ല. ഏറ്റവും നല്ലത് മ്യൂസിയമാണ്, ചെറുതായാലും കുഴപ്പമില്ല. ഒരു മുറിയിൽ ഈ ശിവാലയവും, വേശ്യാലയവും പിന്നെ പുരുഷോത്തമ സംഗമയുഗത്തിന്റേയും ദൃശ്യം ഉണ്ടായിരിക്കണം മനസ്സിലാക്കി കൊടുക്കാൻ വളരെ വിശാല ബുദ്ധിയായിരിക്കണം.

പരിധിയില്ലാത്ത അച്ഛൻ, പരിധിയില്ലാത്ത ടീച്ചർ വന്നിരിക്കുമ്പോൾ ആദ്യം കുട്ടികൾ എം.എ യും, ബി.എ യുമൊക്കെ പാസ്സാകട്ടെ എന്ന് പറഞ്ഞ് അവിടെ തന്നെ ഇരിക്കുമോ. ബാബ ആരെയും കാത്തിരിക്കില്ല. കുറച്ചു സമയത്തിനുള്ളിൽ തിരിച്ചു പോകും. കുറച്ചു സമയമേ അവശേഷിച്ചിട്ടുള്ളൂ എന്നിട്ടും ഉണരുന്നില്ല. നല്ല നല്ല പെൺകുട്ടികൾ പറയും, ഈ നാനൂറ്-അഞ്ഞൂറ് രൂപക്കു വേണ്ടി നമ്മൾ എന്തിന് വെറുതെ നമ്മുടെ സമയത്തെ പാഴാക്കണം. പിന്നീട് ശിവാലയത്തിൽ നമ്മൾ എന്തു പദവി നേടും! ബാബ നോക്കുമ്പോൾ കുമാരിമാർക്ക് സമയമുണ്ട്. എത്ര വലിയ ശമ്പളം കിട്ടിയാലും അത് ഒരു പിടി കടല മാത്രമാണ്. ഇതെല്ലാം നശിക്കും. ഒന്നും അവശേഷിക്കുകയില്ല. ബാബ ഈ ഒരുപിടി കടല വിടുവിക്കാനാണ് വന്നിരിക്കുന്നത്. പക്ഷെ വിടുന്നതേയില്ല. അവിടെ ഒരു പിടി കടല, ഇവിടെ വിശ്വത്തിന്റെ ചക്രവർത്തി പദവി. അത് വില കുറഞ്ഞ കടലയാണ്. അതിന് പിറകെ എത്രമാത്രമാണ് ഓടുന്നത്. കുമാരിമാർ ഫ്രീ ആണ്. ആ പഠിപ്പ് നയാപൈസക്കുള്ളതാണ്. അതിനെ ഉപേക്ഷിച്ച് ഈ പഠിപ്പ് പഠിക്കുകയാണെങ്കിൽ ബുദ്ധിയും തുറക്കും. ചെറിയ-ചെറിയ പെൺകുട്ടികൾ വലിയ-വലിയ ആളുകൾക്ക് ഈ ജ്ഞാനം കൊടുക്കണം, ബാബ വന്നിരിക്കുകയാണ്-ശിവാലയം സ്ഥാപിക്കാൻ. ഇതും അറിയാം ഇവിടെയുള്ള എല്ലാം മണ്ണിൽ ലയിച്ചു ചേരും. കൈയിലുള്ള കടല പോലും അനുഭവിക്കാൻ കിട്ടുകയില്ല. ആരുടെയെങ്കിലും കൈയ്യിൽ അഞ്ച് കടല അതായത് 5 ലക്ഷം ഉണ്ടെങ്കിൽ, അതും ഇല്ലാതായിത്തീരും. ഇനി സമയം വളരെക്കുറച്ചു മാത്രമേയുള്ളൂ. ദിവസങ്ങൾ പോകുന്തോറും അവസ്ഥ വളരെ മോശമാകും. പെട്ടെന്നാണ് ആപത്തുകൾ വരുന്നത്. മരണവും അപ്രതീക്ഷിതമായി നടന്നു കൊണ്ടിരിക്കും, കൈപിടിയിൽ കടലയിരിക്കെ തന്നെ പ്രാണൻ പോകും. ഇപ്പോൾ മനുഷ്യരെ ഈ കുരങ്ങന്റെ സ്വഭാവത്തിൽ നിന്നും മോചിപ്പിക്കണം. മ്യൂസിയം കണ്ടിട്ട് സന്തോഷിച്ചാൽ മാത്രം പോരാ, അതിശയം ചെയ്തു കാണിക്കണം. മനുഷ്യരെ പരിവർത്തനപ്പെടുത്തണം. ബാബ നിങ്ങൾ കുട്ടികൾക്ക് വിശ്വത്തിന്റെ ചക്രവർത്തി പദവി നൽകുകയാണ്. പിന്നെ ഈ കടലയും ആരുടെയും ഉപയോഗത്തിൽ വരില്ല. എല്ലാം ഇല്ലാതാകും, അതിനാൽ എന്തു കൊണ്ട് ബാബയിൽ നിന്നും ചക്രവർത്തി പദവി എടുത്തുകൂടാ. ഒരു ബുദ്ധിമുട്ടിന്റേയും കാര്യമില്ല. ബാബയെ ഓർമിച്ചാൽ മാത്രം മതി പിന്നെ സ്വദർശന ചക്രം കറക്കണം. കടല നിറഞ്ഞ കൈപിടി കാലിയാക്കി വജ്രങ്ങളും രത്നങ്ങളും കൊണ്ട് കൈ നിറച്ച് പോകണം.

ബാബ മനസ്സിലാക്കി തരികയാണ് - മധുരമായ കുട്ടികളെ, ഈ ഒരു പിടി കടലയുടെ പിന്നിൽ എന്തിന് നിങ്ങൾ നിങ്ങളുടെ ജീവിതം ഇല്ലാതാക്കണം? ശരിയാണ്, ചിലർ വൃദ്ധരാണ്, ഒരുപാട് കുട്ടികളെല്ലാമുണ്ട്, അവരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തമുണ്ട് . കുമാരിമാർക്കാണെങ്കിൽ വളരെ സഹജമാണ്, ആരെങ്കിലും വന്നാൽ അവർക്ക് മനസ്സിലാക്കി കൊടുക്കൂ ബാബ നമ്മൾക്ക് ഈ ചക്രവർത്തി പദവി നൽകുകയാണ്. അപ്പോൾ ചക്രവർത്തി പദവി എടുക്കേണ്ടേ. ഇപ്പോൾ നിങ്ങളുടെ കൈപിടി വജ്രങ്ങൾ കൊണ്ട് നിറയുകയാണ്. ബാക്കിയുള്ളതിന്റെയെല്ലാം വിനാശം നടക്കും. ബാബ മനസ്സിലാക്കി തരികയാണ് നിങ്ങൾ 63 ജന്മം പാപം ചെയ്തു. രണ്ടാമത്തെ പാപം എന്ന് പറയുന്നത് ബാബയുടേയും ദേവതകളുടേയും നിന്ദ ചെയ്യുക എന്നതാണ്. ഒന്ന് വികാരിയായി പിന്നീട് നിന്ദിക്കുകയും ചെയ്തു. ബാബയുടെ എത്ര മാത്രം നിന്ദയാണ് ചെയ്തത്. ബാബ കുട്ടികൾക്ക് വന്ന് മനസ്സിലാക്കി തരികയാണ് - കുട്ടികളെ, സമയം പാഴാക്കരുത്. ബാബാ ഞങ്ങൾക്ക് ഓർമിക്കാൻ കഴിയുന്നില്ല എന്നു പറയരുത്. ഇങ്ങിനെ പറയൂ, ബാബാ ഞങ്ങൾക്ക് ഞങ്ങൾ ആത്മാവാണെന്ന് ഓർമിക്കാൻ സാധിക്കുന്നില്ല. സ്വയം മറന്നു പോകുന്നു. ദേഹാഭിമാനത്തിൽ വരിക എന്നാൽ തന്നെ സ്വയം മറക്കുക എന്നതാണ്. സ്വയം ആത്മാവാണെന്ന് ഓർക്കാൻ കഴിയുന്നില്ലെങ്കിൽ ബാബയെ എങ്ങനെ ഓർമിക്കും. വളരെ വലിയ ലക്ഷ്യമാണ്. വളരെ സഹജവുമാണ്.

ബാക്കി മായയുടെ എതിർപ്പുണ്ടാകും എന്നത് ശരിയാണ്.

മനുഷ്യൻ ഗീതയെല്ലാം വായിക്കുന്നുണ്ടെങ്കിലും അർത്ഥം ഒന്നും അറിയുന്നില്ല. ഭാരതത്തിന്റെ മുഖ്യമായ ശാസ്ത്രം ഗീതയാണ്. ഓരോ ധർമ്മത്തിനും അവരുടേതായ ഒരു ശാസ്ത്രം ഉണ്ടായിരിക്കും. ആരാണോ ധർമ്മം സ്ഥാപിക്കുന്നത് അവരെ സദ്ഗുരു എന്ന് പറയില്ല. ഇത് വലിയ തെറ്റാണ്. സദ്ഗുരു ഒന്നേയുള്ളൂ, ഗുരു എന്ന് വിളിക്കുന്നവർ ഒരുപാടു പേരുണ്ട്. ചിലർ മരപ്പണി പഠിപ്പിച്ചു, എഞ്ചിനീയറിംങ് പഠിപ്പിച്ചു. അപ്പോൾ അവരും ഗുരുവായി. ഓരോ കാര്യങ്ങളും പഠിപ്പിക്കുന്നത് ഗുരുവാണ്, സദ്ഗുരു ഒന്നേയുള്ളൂ. ഇപ്പോൾ നിങ്ങൾക്ക് സദ്ഗുരുവിനെ ലഭിച്ചിരിക്കുകയാണ് ഇത് സത്യമായ അച്ഛനുമാണ് ഒപ്പം ടീച്ചറുമാണ്. അതു കൊണ്ട് കുട്ടികൾ തെറ്റുകൾ ചെയ്യാൻ പാടില്ല. ഇവിടെ നിന്ന് നല്ല രീതിയിൽ റിഫ്രഷായി പോകണം. പിന്നീട് വീട്ടിൽ പോകുമ്പോൾ ഇവിടെയുള്ളതെല്ലാം മറന്നു പോകുന്നു. ഗർഭ ജയിലിൽ വളരെ ശിക്ഷകൾ ലഭിക്കുന്നു. അവിടെയാണെങ്കിൽ ഗർഭക്കൊട്ടാരമായിരിക്കും. ശിക്ഷ അനുഭവിക്കുന്ന രീതിയിലുള്ള വികർമ്മങ്ങളൊന്നും ചെയ്യുന്നില്ല. ഇവിടെ നിങ്ങൾ കുട്ടികൾക്കറിയാം ബാബയുടെ സന്മുഖത്ത് പഠിക്കുകയാണ്. പുറത്ത് നമ്മുടെ വീട്ടിൽ അങ്ങനെ പറയുകയില്ല. അവിടെ മനസ്സിലാക്കും സഹോദരനാണ് പഠിപ്പിക്കുന്നത്. ഇവിടെ (മധുബനിൽ) നേരിട്ട് ബാബയുടെ അടുത്ത് വന്നിരിക്കുകയാണ്. ബാബ കുട്ടികൾക്ക് നല്ല രീതിയിൽ മനസ്സിലാക്കി തരികയാണ്. ബാബയുടേയും കുട്ടികളുടേയും മനസ്സിലാക്കി തരുന്ന രീതിയിൽ വ്യത്യാസമുണ്ട്. ബാബ വന്ന് കുട്ടികൾക്ക് മുന്നറിയിപ്പ് നൽകുകയാണ്. കുട്ടികളെ-കുട്ടികളെ എന്ന് വിളിച്ച് മനസ്സിലാക്കി തരികയാണ്. നിങ്ങൾക്ക് ശിവാലയവും പിന്നെ വേശ്യാലയവും എന്താണെന്ന് മനസ്സിലായി, പരിധിയില്ലാത്ത കാര്യമാണ്. ഇത് വ്യക്തമാക്കി കാണിക്കുകയാണെങ്കിൽ മനുഷ്യർക്ക് സന്തോഷമുണ്ടാകും. അവിടെ ഇതുപോലെ തമാശ മട്ടിലാണ് മനസ്സിലാക്കികൊടുക്കുന്നത്, സീരിയസ്സായി മനസ്സിലാക്കി കൊടുത്താൽ നല്ല രീതിയിൽ മനസ്സിലാക്കും. തന്റെമേൽ ദയ കാണിക്കൂ, ഈ വേശ്യാലയയത്തിൽ തന്നെ ഇരിക്കണോ! ബാബയ്ക്ക് ചിന്ത നടക്കുന്നുണ്ട് -എങ്ങനെ-എങ്ങനെ മനസ്സിലാക്കിക്കൊടുക്കാം. കുട്ടികൾ എന്തു മാത്രം പരിശ്രമിക്കുന്നു പിന്നെയും കുടുക്കയിലെ കല്ലുപോലെയാണ്. ശരി-ശരി എന്നു പറയുന്നു, വളരെ നല്ലതാണെന്ന് പറയുന്നു. ഗ്രാമത്തിൽ പോയി മനസ്സിലാക്കി കൊടുക്കണം. സ്വയം ഇതൊന്നും മനസ്സിലാക്കില്ല. ധനവാന്മാർ മനസ്സിലാക്കുകയില്ല. പൂർണ്ണമായും ശ്രദ്ധ കൊടുക്കുകയില്ല. അവർ പിന്നീട് വരും. അപ്പോൾ സമയം വളരെ വൈകും. അവരുടെ പൈസയും ഉപകരിക്കുകയില്ല, യോഗത്തിലിരിക്കാനും സാധിക്കുകയില്ല. അൽപം കേൾക്കുകയാണെങ്കിൽ പ്രജയിൽ വരും. പാവപ്പെട്ടവർക്ക് വളരെ ഉയർന്ന പദവി നേടാൻ സാധിക്കും. നിങ്ങൾ കന്യകമാരുടെ അടുത്ത് എന്താണുള്ളത്. കന്യകമാരെ പാവപ്പെട്ടവർ എന്നാണ് പറയുന്നത് എന്തുകൊണ്ടെന്നാൽ അച്ഛന്റെ സമ്പത്ത് ആൺ കുട്ടികൾക്കാണ് ലഭിക്കുന്നത്. പിന്നീട് കന്യാദാനം ചെയ്യുന്നു, അപ്പോഴാണ് വികാരത്തിലേക്ക് പോകുന്നത്. പറയും വിവാഹം കഴിക്കുകയാണെങ്കിൽ പണം തരാം. പവിത്രമായിരിക്കുകയാണെങ്കിൽ ഒരു ചില്ലികാശു പോലും തരില്ല. മനസ്സിന്റെ ഭാവന എങ്ങനെയാണെന്ന് നോക്കൂ. നിങ്ങൾ ആരെയും പേടിക്കരുത്. തുറന്നരീതിയിൽ വേണം മനസ്സിലാക്കികൊടുക്കേണ്ടത്. ധൈര്യം ഉണ്ടായിരിക്കണം. നിങ്ങൾ പൂർണ്ണമായും സത്യമാണ് പറയുന്നത്. ഇത് സംഗമയുഗമാണ്. അപ്പുറത്തെ വശത്ത് കൈപിടിയിൽ കടലയാണ്, ഇപ്പുറത്തെ വശത്ത് കൈപിടിയിൽ വജ്രങ്ങളാണ്. ഇപ്പോൾ നിങ്ങൾ വാനരനിൽ നിന്നും ക്ഷേത്രത്തിലെ മൂർത്തിക്ക് യോഗ്യരായിത്തീരുകയാണ്. പുരുഷാർത്ഥം ചെയ്ത് വജ്ര സമാന ജന്മനേടണം. മുഖവും ധീരയായ സിംഹിണിയെപോലെ ആയിരിക്കണം. ചിലരുടെ മുഖമാണെങ്കിൽ ആടിനെപോലെയാണ്. ചെറിയ ശബ്ദത്തിൽ തന്നെ പേടിച്ചു പോകുന്നു. അപ്പോൾ ബാബ എല്ലാ കുട്ടികൾക്കും മുന്നറിയിപ്പ് നൽകുയാണ്. കന്യകമാർ ചെന്ന് കുടുങ്ങരുത്. ഇനിയും ബന്ധനത്തിൽ പോയി കുടുങ്ങുകയാണെങ്കിൽ പിന്നീട് വികാരത്തിന് വേണ്ടി അടി വാങ്ങിക്കും. ജ്ഞാനം നല്ല രീതിയിൽ ധാരണ ചെയ്യുകയാണെങ്കിൽ വിശ്വത്തിന്റെ മഹാറാണിയാകാം. ബാബ പറയുകയാണ് ഞാൻ നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തി പദവി നൽകാൻ വന്നിരിക്കുകയാണ്. പക്ഷെ ചിലരുടെ ഭാഗ്യത്തിൽ ഇല്ല. ബാബ പാവപ്പെട്ടവപ്പെട്ടവരുടെ നാഥനാണ്. പാവപ്പെട്ടവർ കന്യകമാരാണ്. മാതാ-പിതാക്കൾക്ക് വിവാഹം കഴിച്ചു കൊടുക്കുവാൻ കഴിയുന്നില്ലെങ്കിൽ അവരെ ബാബയ്ക്ക് കൊടുക്കുന്നു. അപ്പോൾ അവർക്ക് ലഹരിയുണ്ടായിരിക്കണം. നമുക്ക് നല്ല രീതിയിൽ പഠിച്ചിട്ട് നല്ല പദവി നേടണം. നല്ല വിദ്യാർത്ഥികൾ, അവർ പഠിപ്പിൽ ശ്രദ്ധ കൊടുക്കും-ഞങ്ങൾക്ക് പാസ്സ് വിത്ത് ഓണർ ആകണം. അവർക്കാണ് പിന്നീട് സ്കോളർഷിപ്പ് ലഭിക്കുന്നത്. എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രത്തോളം ഉയർന്ന പദവി നേടും, അതും 21 ജന്മത്തേക്കു വേണ്ടി. ഇവിടെ അല്പ കാലത്തെ സുഖമാണ്. ഇന്ന് എന്തെങ്കിലും പദവി ലഭിക്കുന്നു, നാളെ മരിച്ചു കഴിഞ്ഞാൽ, അവസാനിക്കുന്നു. യോഗിയും ഭോഗിയും തമ്മിൽ വ്യത്യാസമുണ്ടല്ലോ. ഇപ്പോൾ ബാബ പറയുകയാണ് പാവപ്പെട്ടവരുടെ മേൽ കൂടുതൽ ശ്രദ്ധ കൊടുക്കൂ. ധനവാന്മാർ കുറച്ചു പേർക്ക് മാത്രമേ എടുക്കാൻ സാധിക്കുകയുള്ളൂ. വളരെ നല്ലതാണെന്ന് വെറുതെ പറയുക മാത്രമേ ചെയ്യുകയുള്ളൂ- ഈ സ്ഥാപനം എത്ര നല്ലതാണ്,

അനേകരുടെ നന്മ ചെയ്യുന്നു. സ്വന്തം മംഗളം ചെയ്യുന്നില്ല. വളരെ നല്ലതാണെന്ന് പറഞ്ഞ്, പുറത്തു പോകുന്നതും, അവസാനിച്ചു. മായ വടിയുമായി നിൽക്കുന്നുണ്ട്, മനോവീര്യം തന്നെ ഇല്ലാതാക്കുന്നു. ഒരൊറ്റ അടി നൽകുന്നതിലൂടെ ബുദ്ധി തന്നെ കെടുത്തുന്നു. ബാബ മനസ്സിലാക്കി തരികയാണ് - ഭാരതത്തിന്റെ അവസ്ഥ എന്തായിരിക്കുന്നു. കുട്ടികൾ ഡ്രാമയെ നല്ലരീതിയിൽ മനസ്സിലാക്കിയിട്ടുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം:-

1. ഒരു പിടി കടലയെ വിട്ട് ബാബയിൽ നിന്നും വിശ്വത്തിന്റെ ചക്രവർത്തി പദവി നേടുന്നതിനുള്ള പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം. ഒരു കാര്യത്തിലും ഭയപ്പെടരുത്, ദൃഢതയുള്ളവരായി ബന്ധനങ്ങളിൽ നിന്നും മുക്തമാകണം. തന്റെ സമയം സത്യമായ സമ്പാദ്യത്തിൽ സഫലമാക്കണം.

2. ഈ ദുഃഖധാമത്തിനെ മറന്ന് ശിവാലയത്തെ, അതായത് ശാന്തിധാമത്തെയും, സുഖധാമത്തെയും ഓർമ്മിക്കണം. മായയുടെ വിഘ്നങ്ങളെ മനസിലാക്കി ജാഗ്രതയോടെ കഴിയണം.

### വരദാനം:- ഗീതയുടെ പാഠം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന നഷ്ടോമോഹാ സ്മൃതിസ്വരൂപരായി ഭവിക്കട്ടെ.

ഗീതാജ്ഞാനത്തിന്റെ ആദ്യത്തെ പാഠമാണ്- അശരീരി ആത്മാവാകൂ എന്നും അന്തിമപാഠം നഷ്ടോമോഹാ സ്മൃതിസ്വരൂപരാകുക എന്നും. ആദ്യത്തെ പാഠം വിധിയും അന്തിമ പാഠം വിധിയിലൂടെ സിദ്ധിയുമാണ്. അതിനാൽ ഓരോ സമയത്തും ആദ്യം ഈ പാഠം പഠിക്കൂ, പിന്നീട് മറ്റുള്ളവരെ പഠിപ്പിക്കൂ. അങ്ങനെയുള്ള ശ്രേഷ്ഠകർമ്മം ചെയ്ത് കാണിക്കൂ, താങ്കളുടെ ശ്രേഷ്ഠകർമ്മം കണ്ട് അനേകാത്മാക്കൾക്ക് ശ്രേഷ്ഠകർമ്മം ചെയ്ത് തങ്ങളുടെ ഭാഗ്യത്തിന്റെ രേഖ ശ്രേഷ്ഠമാക്കാൻ സാധിക്കട്ടെ.

### സ്ലോഗൻ:- പരമാത്മാ സ്നേഹത്തിൽ മുഴുകിയിരിക്കൂ എങ്കിൽ പ്രയത്നത്തിൽ നിന്ന് മുക്തമാകും.